**പതിനാലാം കേരള നിയമസഭ**
**അഞ്ചാംസമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2496 08.05.2017 -ലെ മറുപടി**

## കാവേരി ജലതർക്ക പരിഹാരസമിതി അനുവദിച്ചിട്ടുള്ള ജലം വിനിയോഗിക്കൽ

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. പി. വി. അൻവർ<br>ശ്രീ. ഒ.ആർ. കേളു<br>ശ്രീ.കെ. ബാബു<br>ശ്രീ.സി. കെ. ശശീന്ദ്രൻ | | ശ്രീ. മാത്യു ടി. തോമസ്<br>(ജലവിഭവ വകുപ്പ് മന്ത്രി) |
| എ)കാവേരി ജലതർക്ക പരിഹാരസമിതി അനുവദിച്ചിട്ടുള്ള ജലം സംസ്ഥാനത്തിന്റെ കുടിവെള്ള , ജലസേചന , വൈദ്യുതി ഉല്പാദനാവശ്യങ്ങൾക്കായി വിനിയോഗിക്കാൻ ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ ഏതൊക്കെയാണ്;<br><br>ബി) ഈ പദ്ധതികളുടെ നിലവിലെ സ്ഥിതി വെളിപ്പെടുത്തുമോ; | എ) & ബി) | കാരാപ്പുഴ പദ്ധതി, ബാണാസുര സാഗർ പദ്ധതി, ചെങ്കല്ലാർ സ്കീമിലെ പട്ടിശ്ശേരി ഡാം, കബനി സബ്ബ് ബേസിനിലെ വയനാട് ജില്ലയിൽ 3 ചെക്ക് ഡാമുകൾ, പാമ്പാർ ജലവൈദ്യുത പദ്ധതി, പാമ്പാർ സബ് ബേസിനിലെ ഇടുക്കി ജില്ലയിലെ കാന്തല്ലൂർ പഞ്ചായത്തിലെ സൂക്ഷ്മ ജലസേചന പ്രവൃത്തികൾ, ഭവാനി ബേസിനിലെ പാലക്കാട് ജില്ലയിൽ അട്ടപ്പാടി യിൽ 4 ചെക്ക് ഡാം, 6 ലിഫ്റ്റ് ഇറിഗേഷൻ സ്കീമുകൾ ജല അതോറിറ്റി ആവിഷ്കരിച്ചിട്ടുള്ള വിവിധ കുടിവെള്ള പദ്ധതികൾ എന്നീ പ്രവൃത്തികൾ വിവിധ ഘട്ടങ്ങളിലായി പുരോഗമിക്കുന്നു. |
| സി) ഈ സമിതി അനുവദിച്ചിട്ടുള്ള ജലം എത്രയെന്നും അതിൽ എത്ര ജലം നിലവിൽ വിനിയോഗിക്കാൻ സാധിക്കുന്നുണ്ടെന്നും വ്യക്തമാക്കുമോ? | സി) | കബനി ബേസിനിന് 21 TMC, പാമ്പാർ ബേസിനിന് 3 TMC ജലവും ഭവാനി ബേസിനിന് 6 TMC ജലവുമാണ് കാവേരി നദീജല തർക്ക ട്രൈബ്യൂണൽ അവാർഡ് പ്രകാരം കേരളത്തിന് അനുവദിച്ചിട്ടുള്ള ജലം (ആകെ 30 TMC ജലം) കബനി ബേസിനിൽ അനുവദിക്കപ്പെട്ടിട്ടുള്ള 21TMC ജലത്തിൽ 11.71 TMC ജലം ഇപ്പോൾ വിനിയോഗിക്കാനാണ് ഉദ്യമം. മറ്റ് ബേസിനുകളിൽ അനുവദിച്ചിട്ടുള്ള ജലം ഉപയോഗിക്കുവാനുള്ള പദ്ധതികൾ വിവിധ ഘട്ടങ്ങളിലായി പുരോഗമിക്കുകയാണ്. |

**സെക്ഷൻ ഓഫീസർ**